# രക്ഷയുടെ പാതയിൽ



# ഈശോയുടെ പ്രബോധനങ്ങൾ

7

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിsâ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠ്മായ കല്പന
13. തിരുസഭയുടെ കല്പന
14. മന:സാക്ഷി രൂപീകരണം
15. സുവിശേഷ ഭാഗ്യങ്ങൾ

# പാഠം- 1



# നിത്യജീവൻ പ്രാപിക്കാൻ

1. ദൈവം നൽകിയ പ്രമാണങ്ങൾ
2. ദൈവം നൽകിയ പത്തു പ്രമാണങ്ങൾ
3. പ്രമാണങ്ങളുടെ പ്രാധാന്യം
4. പ്രമാണങ്ങളുടെ അർത്ഥം
5. പ്രമാണങ്ങളുടെ പൂർത്തീകരണം
6. പ്രമാണങ്ങൾ അനുദിന ജീവിതത്തിൽ

# ദൈവം നൽകിയ പ്രമാണങ്ങൾ

- നിങ്ങൾ എന്റെ വാക്ക് കേൾക്കുകയും ഉടമ്പടി പാലിക്കുകയും ചെയ്താൽ ഞാൻ നിങ്ങളുടെ ദൈവവും, നിങ്ങൾ എന്റെ സ്വന്തം ജനവുമായിരിക്കും (പുറ 19:5) ഇതായിരുന്നു പഴയ ഉടമ്പടിയുടെ കാതൽ.




നിത്യജീവൻ പ്രാപിക്കാൻ

# ദൈവം നൽകിയ പത്തു പ്രമാണങ്ങൾ

1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്.
2. ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്.
3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം.
4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം.
5. കൊല്ലരുത്.
6. വ്യഭിചാരം ചെയ്യരുത്.
7. മോഷ്ടിക്കരുത്.
8. കള്ളസാക്ഷ്യം പറയരുത്
9. അന്യന്റെ ഭാര്യയെ മോഹിക്കരുത്.
10. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്


നിത്യജീവൻ പ്രാപിക്കാൻ



- ഈ കല്പനകൾ രണ്ടു കല്പനകളിൽ സംഗ്രഹിക്കാം

1.എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിക്കണം

2.തന്നെപ്പോലെ തന്റെ അയൽക്കാരനെയും സ്നേഹിക്കണം.



നിത്യജീവൻ പ്രാപിക്കാൻ

## പ്രമാണങ്ങളുടെ പ്രാധാന്യം

1. ദൈവത്തെ സ്നേഹിക്കുക
2. സഹോദരരെ സ്നേഹിക്കുക

- ഇവയെ രണ്ടു ഗണമായി തിരിക്കാം. ആദ്യത്തെ മൂന്നു കല്പനകളാണ് ഒന്നാമത്തെ വിഭാഗത്തിൽപെടുന്നത്. മനുഷ്യനു ദൈവത്തോട് ഉണ്ടായിരിക്കേണ്ട ബന്ധത്തെയാണ് ഈ കല്പനകൾ സൂചിപ്പിക്കുന്നത്. തുടർന്നുള്ള ഏഴു കല്പനകളാകട്ടെ രണ്ടാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നു. മനുഷ്യർ പരസ്പരം പുലർത്തേണ്ട ബന്ധത്തെക്കുറിച്ചാണ് ഈ പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.
- ദൈവത്തെ അറിഞ്ഞ്  സ്നേഹിച്ചു നീതിയോടെ സമൂഹത്തിൽ ജീവിക്കാനുള്ള നിർദ്ദേശങ്ങളാണ് ദൈവകല്പനകൾ. മനുഷ്യകുലത്തിന്റെ സുസ്ഥിതിക്ക് സഹായിക്കുന്നവയാണ് ഈ പ്രമാണങ്ങൾ.

## പ്രമാണങ്ങളുടെ അർത്ഥം

- പ്രമാണങ്ങൾക്ക് വാച്യാർത്ഥം മാത്രമല്ല ഉള്ളത്, ആന്തരികാർത്ഥം കൂടിയുണ്ട്. അതുകൂടി അറിഞ്ഞു വേണം അവയെ വ്യാഖ്യാനിക്കാൻ. പ്രമാണങ്ങളിൽ മിക്കവെയും അരുത് എന്ന് അവസാനിക്കുന്നതിനാൽ അവ നിഷേധാത്മകമായി തോന്നാം. എന്നാൽ അവ തിന്മ ചെയ്യുന്നതിൽ നിന്ന് നമ്മെ തടയുന്നതോടൊപ്പം നന്മ ചെയ്യാനുള്ള ശക്തമായ പ്രേരണ തരികയും ചെയ്യുന്നു.



# പ്രമാണങ്ങളുടെ പൂർത്തീകരണം

- പഴയനിയമത്തിൽ ദൈവം നൽകിയ പ്രമാണങ്ങൾ പുതിയനിയമത്തിൽലാണ് പൂർത്തീകരിക്കുന്നത്. നിയമത്തെ ഇല്ലാതാക്കനല്ല, പൂർണമാക്കാനാണ് താൻ വന്നതെന്ന് ഈശോ പഠിപ്പിച്ചു. നിയമത്തിൽ അന്തർലീനമായ സ്നേഹവും നീതിയും പാലിക്കാൻ അവിടുന്ന് നിഷ്കർഷിച്ചു.



# പ്രമാണങ്ങൾ അനുദിന ജീവിതത്തിൽ

നിത്യജീവൻ പ്രാപിക്കാൻ

- ദൈവപ്രമാണങ്ങൾ ദൈവത്തോടും സഹോദരങ്ങളോടും നമ്മോടുതന്നെയുമുള്ള കടമകളെയും കർത്തവ്യങ്ങളെയും കുറിച്ച് നമ്മെ ബോധ്യപ്പെടുത്തുന്നു. ദൈവത്തെ അറിയാനും സ്നേഹിക്കാനും സേവിക്കാനും അങ്ങനെ സ്വർഗത്തിൽ എത്തിച്ചേരാനും കല്പനകൾ നമ്മെ സഹായിക്കുന്നു.
- സ്നേഹമാണ് ക്രിസ്ത്യാനിയുടെ മുഖമുദ്ര. ദൈവപ്രമാണങ്ങൾ ആത്മാർത്ഥതയോടെ അനുസരിക്കുമ്പോൾ നാം സ്നേഹത്തിൽ വളരും. അങ്ങനെ നാം നിത്യജീവന് അവകാശികളായിത്തീരും.

# വഴികാട്ടാനൊരു തിരുവചനം

- ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതു പോലെ എന്റെ കല്പനകൾ പാലിച്ചാൽ നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനില്ക്കും. (യോഹ.15:10)

നിത്യജീവൻ പ്രാപിക്കാൻ

# നമുക്ക് പാടാം

(കാക്കണമലിവൊടു.........എ.മ.)

അനശ്വരമാകും തിരുജീവൻ

തേടും മാനനഹൃദയത്തിൽ

മുദ്രിതമല്ലോ ദൈവികമാം

സ്നേഹത്തിൻ തിരുനിയമങ്ങൾ...

പൂർണാത്മാവാൽ പൂർണ്ണമന
സ്സാൽ

സ്നേഹിച്ചീടു ദൈവത്തെ

നിർമ്മലസ്നേഹം പകരുന്ന

ശാശ്വത ബന്ധമതേകിടും

ദൈവസ്നേഹം മാനവസ്നേഹം

സുവിശേഷത്തിൻ സാരാംശം

വചനം കാത്തും നന്മകൾ
ചെയ്തും

ദൈവികജീവൻ നേടീടാം



## എന്റെ തീരുമാനം

- ദൈവപ്രമാണങ്ങളനുസരിച്ച് ഞാൻ ജീവിക്കും